ശ്രീ. കെ. ആർ. ഇലങ്കത്ത് : അപ്പോൾ ആണറിയായിട്ടാണോ വൈസ് ചാൻസിലർ ഉദ്യോഗം വഹിക്കാൻ പോകുന്നത്.

ശ്രീ. സി. കേശവൻ : അതെ.

Sri. P. Balakrishnan Tampi : May I know from the Chief Minister whether after the establishment of the Republic, this Government can insist upon giving appointments in the State only to citizens living in this State? Is it not against the Constitution to insist that the Vice-Chancellor should be a person belonging to this State? The only question is that he should be an Indian.

Sri. C. Kesavan : The question is self-explanatory and does not call for an answer.

പ്രിൻസിപ്പാളിന്റെ നിയമനം

* ൧൦. (൧൩) ശ്രീ. പാണ്ഡവത്ത് ശങ്കരപ്പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഒന്നാംഗ്രേഡായി ഉയർത്തിയ സംസ്കൃത കോളേജിലെ പ്രിൻസിപ്പാളിന്റെ നിയമനം നടത്തിക്കഴിഞ്ഞോ ;

(ബി) യൂണിവേഴ്സിറ്റിയിലുണ്ടാകുന്ന ൪൫൦-രൂപാമുതൽ ശമ്പളസ്കെയിലിലുള്ള ഉദ്യോഗങ്ങൾക്ക് പുതുതായി അപേക്ഷ ക്ഷണിച്ച് നിയമനം നടത്തണമെന്ന നിയമം സംസ്കൃതകോളേജ് പ്രിൻസിപ്പാളിന്റെ നിയമന കാര്യത്തിൽ അനുവർത്തിച്ചിട്ടുണ്ടോ ;

(സി) ഇപ്പോഴത്തെ പ്രിൻസിപ്പാളിന് ൪൫൦—൭൫൦ രൂപ ശമ്പളസ്കെയിലിൽ നിയമിക്കത്തക്ക യോഗ്യതയുണ്ടോ ?

(ഡി) യൂണിവേഴ്സിറ്റി സർവീസിൽ സംസ്കൃതഭാഷാ സംബന്ധമായി ഡാക്ടർ ബിരുദം നേടിയിട്ടുള്ളവർ ആരെങ്കിലും ഉണ്ടോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി): (എ) ഒരു പുതിയ നിയമനത്തിനു് ആവശ്യം വന്നിട്ടില്ല. പക്ഷെ നവീകരിച്ച കോളേജിലെ പ്രിൻസിപ്പാളിന്റെ നിയമനകാര്യത്തെപ്പറ്റി ഗവണ്മെണ്ടിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

(ബി) ഈ നിയമം പ്രസ്തുത നിയമനത്തെ സംബന്ധിച്ചിടത്തോളം ആവശ്യമായി വന്നിട്ടില്ല.

(സി) ഉണ്ടു്.

(ഡി) ഉണ്ടു്.

Sri. A. K. Patchu Pillai : The existing staff will continue എന്നു വല്ല ഒരു ഓർഡറും ഗവണ്മെണ്ടു് പാസാക്കിയിട്ടുണ്ടോ ?

ശ്രീ. എൽ. എം. പൈലി : പ്രത്യേകമായി ഒരു ഓർഡർ പാസാക്കിയിട്ടുണ്ടോ എന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള : പ്രിൻസിപ്പാളിന്റെ ശമ്പളത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെണ്ടു് എന്തു് ഓർഡർ ആണു് പാസാക്കിയിട്ടുള്ളതു് ?

ശ്രീ. എൽ. എം. പൈലി : ഈ കോളേജു് ഒരു സെക്കണ്ടു് ഗ്രേഡു് കോളേജായിരുന്നു. അതൊരു ഒന്നാംഗ്രേഡു് കോളേജായി ഉയർത്തി. സെക്കണ്ടു് ഗ്രേഡു് കോളേജിലെ പ്രിൻസിപ്പാൾ തന്നെ അവിടെ പ്രിൻസിപ്പാളായു് ജോലി തുടർന്നുവരികയാണു്. ഇപ്പോൾ ഒരു പ്രിൻസിപ്പാൾ ആ കോളേജിൽ ജോലി നോക്കുന്നുണ്ടു്. അതുകൊണ്ടു് തൽക്കാലം അവിടെ ഒഴിവു വന്നിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

Sri. P. Balakrishnan Tampi: Is the Government aware that the present incumbent is a scholar of international repute among orientalists and sanskrit scholars and that he is a man of outstanding ability?

Sri. L. M. Pylee: Yes.

ശ്രീ. കെ. എ. മാത്യു: എല്ലാ ഫസ്റ്റ് ഗ്രേഡ് കോളേജുകളിലേയും പ്രിൻസിപ്പാളന്മാരുടെ ഗ്രേഡ് എന്താണെന്നു പറയാമോ?

ശ്രീ. എൽ. എം. പൈലി: അതിനു് നോട്ടീസ് വേണം.

ശ്രീ. കെ. എ. മാത്യു: വല്ല ഫസ്റ്റ് ഗ്രേഡ് കോളേജുകളിലേയും പ്രിൻസിപ്പാളന്മാക്ക് അവരുടെ ന്യായമായി ലഭിക്കേണ്ട ശമ്പളം കൊടുക്കാതെ ഉണ്ടോ?

ശ്രീ. എൽ. എം. പൈലി: അതിനു നോട്ടീസുവേണം.

INDUSTRIAL LOANS

*11. [14] **Sri. Paul Thaliat** Will the hon. Minister for Finance b pleased to state.—

(*a*) whether any industrial loans were given in 1951;

(*b*) if so, the names of the individuals or Associations to whom such loans were granted with the amounts in each case; and

(*c*) the names of the industrial concerns in which the Government have taken shares in 1951, with the amount invested in each case respectively?

Minister for Finance and Food **(Sri.K. M. Korah);**

(*a*) Yes.

(*b*) The Fertilizers and Chemicals Ltd., Rs. 22 lakhs in 1951 in two instalments of Rs. 15 lakhs and Rs. 7 lakhs for the establishment of a Caustic Soda plant, at 4½ per cent per annum on the security of the entire assets of the Company.

(*c*) The United Electrical Industries Ltd., 27,500 ordinary shares of Rs. 10 each.

ശ്രീ. പാഠം തളിയത്തു്: ഈ കാസ്റ്റിക്കു് സോഡാ പ്ലാൻറ് സ്ഥാപിച്ചിട്ടുള്ള കമ്പനിയിൽനിന്നും ഗവർമ്മെൻറ് ഷെയർ എടുത്തിട്ടുണ്ടോ?

Sri. K. M. Korah: The Company has not yet been started. It is only in the stage of formation. This amount has been advanced to the Company as a loan by the Government.

ശ്രീ. പാഠം തളിയത്തു്: അങ്ങിനെ ലോൺ കൊടുത്തിട്ടുള്ളതു് എല്ലാ വ്യവസ്ഥയിലാണു്?

ശ്രീ. കെ. എം. കോര: അതു് നാലരശതമാനം പലിശയോടുകൂടി ഗവൺമെൻറിൽനിന്നും അവരുടെ കമ്പനിവക സാധനങ്ങളുടെ ഉറപ്പിന്മേൽകടം കൊടുത്തിരിക്കയാണു്.

ശ്രീ. പാഠം തളിയത്തു്: അതു കമ്പനി ഷെയർ വിൽക്കുമ്പോൾ ഷെയറായി കൺവർട്ടു് ചെയ്യുമോ?

ശ്രീ. കെ. എം. കോര: അതേപ്പറ്റി തീരുമാനം ഒന്നും ചെയ്തിട്ടില്ല.

Sri. K. Ramachandran: Have Government any scheme for giving assistance to minor cottage industries?

Sri. K. M. Korah: That question does not arise.

ശ്രീ. കെ. രാമചന്ദ്രൻ: കോട്ടേജ് ഇൻസ്ട്രീസിനു് ഗവൺമെൻറിൽനിന്നും ലോൺ കൊടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly